പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6172 — 02.04. 2018 ൽ മറുപടിക്ക്

**അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം**

ചോദ്യം

ശ്രീ.ജി.എസ്.ജയലാൽ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സബ് എഞ്ചിനീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് വേണ്ടി എത്ര ശതമാനം ക്വാട്ടയാണ് വൈദ്യുതി ബോർഡ് പരിഗണിച്ച് വരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | എ) സബ് എഞ്ചിനീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നിലവിൽ കേഡർ സ്ട്രെങ്തിന്റെ 50% ആണ്. (ITI ക്വാട്ടയിൽ 20% വും, ഡിപ്ലോമാ ക്വാട്ടയിൽ 30% വും ആണ്) |
| (ബി) ഇപ്രകാരം സ്ഥാനക്കയറ്റം നൽകുന്ന നടപടി ബോർഡിൽ ഇപ്പോഴും നിലവിലുണ്ടോ; അവസാനമായി എത് വർഷമാണ് പ്രൊമോഷൻനൽകിയതെന്നു വ്യക്തമാക്കാമോ; | (ബി) ഉണ്ട്. ITI ക്വാട്ടയിൽ 01.03.2014-ലും ഡിപ്ലോമാ ക്വാട്ടയിൽ 24.02.2014-ലും ആണ് അവസാനമായി പ്രൊമോഷൻ നൽകിയിട്ടുള്ളത്. |
| (സി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് നിർദ്ദേശിച്ച് 2015 ൽ കോടതി വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പ്രകാരം എത്ര പേർക്ക് പ്രൊമോഷൻ നൽകി എന്ന് വിശദമാക്കാമോ; | (സി) സ്ഥാനക്കയറ്റം നല്കണമെന്ന് നിർദ്ദേശിച്ച് കോടതി വിധി പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സ്ഥാനക്കയറ്റത്തിനു വേണ്ടി ക്വാട്ടയിലെ അനുപാതം പരിഗണിക്കുമ്പോൾ അത് ആകെ ഉള്ള ഒഴിവുകളെ അടിസ്ഥാനപ്പെടുത്തി നിശ്ചയിക്കണം എന്നാണ് WP (c) 7964/2012-ൽ ബഹുമാനപ്പെട്ട കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ടി കേസിലെ ആദ്യ പെറ്റീഷണറായ വ്യക്തി ശ്രീ. സന്ദീപ് എസ്. എന്ന സബ്എൻജിനീയർക്ക് കോടതി നിർദ്ദേശപ്രകാരം, ബോർഡ് മുകളിൽ പരാമർശിച്ച വിധിയ്ക്കെതിരെ സമർപ്പിച്ചിരിക്കുന്ന റിട്ട് അപ്പീലിന്റെ (WA No.2788/2015) തീർപ്പിനു വിധേയമായി താൽക്കാലികമായി അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) ആയി സ്ഥാനക്കയറ്റം നൽകുകയുണ്ടായി. |
| ഡി) കോടതി ഉത്തരവ് പ്രകാരം നിയമനം നൽകിയ ഉദ്യോഗാർത്ഥിയുടെ റാങ്ക് നമ്പർ എത്രയാണെന്നും ടിയാളുടെ റാങ്ക് നമ്പരിന് താഴെ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടായിരുന്നു എന്നും ഇവർക്ക് നിയമനം നൽകാതിരുന്നതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (ഡി) സ്ഥാനക്കയറ്റം നൽകിയ വ്യക്തിയുടെ സബ് എൻജിനീയർ (ഇലക്ട്രിക്കൽ) -ലെ സീനിയോരിറ്റി, ഡിപ്ലോമ ക്വാട്ടയിൽ 197 ആണ്. ടിയാളെക്കാൾ സീനിയറായ 196 പേർ ഈ പട്ടികയിൽ ഉണ്ട്. 197- ാം നമ്പർകാരന് സ്ഥാനക്കയറ്റം താൽക്കാലികമായി ആണ് കോടതിവിധി പ്രകാരം നൽകിയത്. റിട്ട് പെറ്റീഷൻ 7964/2012 എന്ന കേസിലെ ആദ്യ പെറ്റീഷണറാണ് സ്ഥാനക്കയറ്റം കിട്ടിയ വ്യക്തി. ഈ കേസിലെ വിധിയ്ക്ക് എതിരെ ബോർഡ് റിട്ട് അപ്പീൽ 2788/2015 സമർപ്പിച്ചിരിക്കുകയാണ്. .2788/2015 -ന്റെ തീർപ്പിനു വിധേയമായി ഒഴിവുകളെ അടിസ്ഥാനപ്പെടുത്തി സ്ഥാനക്കയറ്റം നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ